# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 05 വൈകുന്നേരം 3.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് വയനാട് ജില്ലയിൽ നിന്നും 3 പേർക്ക് രോഗബാധ സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. രോഗം സ്ഥിരീകരിച്ച 37 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 215 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 21342 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 21034 പേർ വീടുകളിലും 308 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 33800 സാമ്പിളുകൾ പരിശോധിച്ചതിൽ 33265 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഇത് കൂടാതെ സെന്റിനൽ സർവൈലൻസിന്റെ ഭാഗമായി ആരോഗ്യപ്രവർത്തകർ, അതിഥി തൊഴിലാളികൾ, സാമൂഹിക സമ്പർക്കം കൂടുതലുള്ള വ്യക്തികൾ മുതലായ പ്രൈയോറിറ്റി ഗ്രൂപ്പുകളിൽ നിന്ന് 2512 സാമ്പിളുകൾ ശേഖരിച്ചതിൽ 1979 സാമ്പിളുകൾ നെഗറ്റീവ് ആയി. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 3646871 കേസുകളും 282442 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 46433 കേസുകളും 1568 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. 24 മണിക്കൂറിൽ 1024 സാമ്പിളുകൾ പരിശോധിച്ചതിൽ 3 സാമ്പിളുകൾ പോസിറ്റീവ് ആവുകയും 1021 പരിശോധനാഫലങ്ങൾ നെഗറ്റീവ് ആവുകയും ചെയ്തു. നിലവിൽ 39800 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ 10,000 കിറ്റുകൾ കൂടി ലഭ്യമാകാനുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 62877 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 5000 കിറ്റുകൾ വരും

ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 57256 ഡാക്രോൺ സ്വാബുകൾ സ്റ്റോക്കുണ്ട്.

## ചീഫ് സെക്രട്ടറി

ഭക്ഷ്യവസ്തുക്കളുടെയും മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കുകൾ നിരീക്ഷിക്കുന്നുണ്ട്. സ്റ്റോക്കുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല.

## സിവിൽ സപ്ലൈസ്

അരി 68 ദിവസത്തേക്കും ഗോതമ്പ് 128 ദിവസത്തേക്കും ഉഴുന്ന് 16 ദിവസത്തേക്കും കടല 23 ദിവസത്തേക്കും ചെറുപയർ 23 ദിവസത്തേക്കും വെളിച്ചെണ്ണ 5 ദിവസത്തേക്കും ഉപ്പ് 14 ദിവസത്തേക്കും ഉള്ള സ്റ്റോക്കുണ്ട്. ബീൻസിനു മാത്രമേ സ്റ്റോക്കിൽ കുറവ് അനുഭവപ്പെട്ടിട്ടുള്ളൂ. പാചക വാതക ഇന്ധനം, പെട്രോൾ, ഡീസൽ എന്നിവയും ആവശ്യമായ സ്റ്റോക്ക് ഉണ്ട്. പി.എം.ജി.കെ. വൈ ക്കാർക്ക് ഏപ്രിലിലെ റേഷൻ വിതരണം അവസാനിച്ചു. ഈ മാസത്തെ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. 123.63 മെട്രിക് ടൺ അരി കമ്മ്യൂണിറ്റി കിച്ചനുകൾക്ക് നൽകിയിട്ടുണ്ട്. ഇന്നലെ പരിശോധനയിൽ 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലീഗൽ മെട്രോളജി 291 ഇടങ്ങളിൽ പരിശോധന നടത്തിയതിൽ 34 കേസുകൾ രജിസ്റ്റർ ചെയ്യുകയും 1.15 ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുമുണ്ട്. ഡൊണേറ്റ് മൈ കിറ്റ് ക്യാമ്പെയിനിങ്ങിൽ വെബ്സൈറ്റ് വഴി 3542 ആൾക്കാർ റേഷൻ വേണ്ട എന്നു അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം റേഷൻ കാർഡില്ലാത്ത 35000 കുടുംബങ്ങൾക്ക് റേഷൻ നൽകിയിരുന്നു. ഇങ്ങനെ ഉള്ള കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇന്നലെ 1107 റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 236 പരാതികൾ ലഭിച്ചതിൽ 18 എണ്ണം ഒഴികെ ബാക്കി എല്ലാത്തിനും തീർപ്പ് കൽപിച്ചിട്ടുണ്ട്. എ.എ.വൈ, പി. എച്ച്.എച്ച് എന്നിവർക്കുള്ള കിറ്റുകളുടെ വിതരണം പൂർത്തീകരിച്ചു. 8 -ാം തീയതി മുതൽ ബാക്കി ഉള്ളവർക്കും കിറ്റ് വിതരണം ആരംഭിക്കും.

## ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

2199 ചരക്കു വാഹനങ്ങൾ ഇന്നലെ എത്തിയിട്ടുണ്ട്. പഞ്ചസാരയുടെ സ്റ്റോക്കിൽ മാത്രമേ കുറവ് അനുഭവപ്പെട്ടിട്ടുള്ളൂ.

## തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

31 ഗ്രാമ പഞ്ചായത്ത് ഒഴികെ ബാക്കി എല്ലായിടത്തും കോവിഡ് കെയർ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. 8 നഗര സഭകൾ ഒഴികെ ബാക്കി എല്ലായിടത്തും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 9000-ത്തോളം മുറികൾ ഒഴിഞ്ഞു കിടക്കുന്ന താമസയോഗ്യമായ കെട്ടിടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 559 അതിഥി തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 1100 ടൺ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്.

705 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാപ്പിങ് പൂർത്തിയാക്കിയിട്ടുണ്ട്. 926 സ്ഥലങ്ങളിൽ 5 പേർ അടങ്ങിയ ടീം പ്രവർത്തിക്കുന്നുണ്ട്. ആകെ 28557 ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. 47000-ത്തോളം സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഹോട്ട്സ്പോട്ട് അല്ലാത്ത പ്രദേശങ്ങളിൽ തൊഴിലുറപ്പു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പിന്നോക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറി

178730 പേർ കേരളത്തിലേക്ക് വരുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 51203 പേർ പാസിനു ആവശ്യം അറിയിച്ചിട്ടുണ്ട്. ഇന്നു 2.30 വരെ 6 ചെക്ക് പോസ്റ്റുകളിലൂടെ 2766 പേർ കേരളത്തിലേക്ക് എത്തിയിട്ടുണ്ട്. കർണ്ണാടക, തമിഴ്നാട് അതിർത്തികളിൽ വാഹനങ്ങൾ തടഞ്ഞു വയ്ക്കുന്നതുമൂലം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇന്നലെ വരെ 11 ട്രെയിനുകൾ അതിഥി തൊഴിലാളികളുമായി യാത്ര തിരിച്ചിട്ടുണ്ട്. ഇന്ന് 3 ട്രെയിനുകൾ കൂടി പുറപ്പെടും. വെസ്റ്റ്ബംഗാളിലേക്ക് ഇനി ട്രെയിനുകൾ അയക്കേണ്ട എന്നു അവിടത്തെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. 18-ാം തീയതിക്കു മുൻപ് ട്രെയിനുകൾ അയക്കരുതെന്ന് ആസ്സാം സർക്കാരും അറിയിച്ചിട്ടുണ്ട്. അടുത്തടുത്ത ജില്ലകളിലുള്ള തൊഴിലാളികളെ മാത്രമേ ഒരെ ട്രെയിനിൽ അയക്കാവു എന്നു ഒറീസ്സ സർക്കാർ അറിയിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ടിക്കറ്റിന്റെ പണം നൽകാമെന്ന് മധ്യപ്രദേശ് സർക്കാർ അറിയിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് ആശങ്കപ്പെടേണ്ടതില്ല. പി.സി.ആർ കിറ്റുകൾ, ആർ.എൻ.എ എക്സ്ട്രാക്ഷൻ കിറ്റുകൾ, ഡാക്രോൺ സ്വാബ് എന്നിവ വാങ്ങുമ്പോൾ ഒരെ അനുപാതത്തിൽ വാങ്ങുന്നതാകും ഉചിതം. നോർക്ക വഴി രജിസ്റ്റർ ചെയ്ത 1.8 ലക്ഷം ആളുകളെ നാട്ടിലേക്ക് തിരികെ എത്തിച്ചാൽ അവരെ ക്വാറന്റയിൻ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് കേന്ദ്ര അഡീഷണൽ സെക്രട്ടറി ചോദിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ കോവിഡ് നെഗറ്റീവ് ആയവരെ ഒരെ വിമാനത്തിൽ യാത്ര ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ അവരെ വീടുകളിൽ നിരീക്ഷണത്തിൽ വയ്ക്കാൻ സാധിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഇത് അവർ പരിഗണിക്കാം എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ആഴ്ചയോടു കൂടി വിമാനങ്ങളുടെ എണ്ണം കൂടും എന്നും അറിയിച്ചിട്ടുണ്ട്. മെയ് 10-ാം തീയതി കൊച്ചിയിൽ 1000 യാത്രക്കാരുമായി ഒരു കപ്പൽ എത്തുമെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള സജ്ജീകരണങ്ങൾ കൊച്ചി കേന്ദ്രീകരിച്ച് നടത്തേണ്ടതുണ്ട്. നമ്മുടെ ആശങ്കകളെല്ലാം അറിയിക്കുന്നതിനായി ക്യാബിനറ്റ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി വഴി ഒരു കത്തും അയക്കുന്നുണ്ട്.

## പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

2.5 ലക്ഷത്തോളം കിടക്കകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1.63 ലക്ഷം ഉടൻ താമസ യോഗ്യമായതാണ്. 4 അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്ക് അടുത്തതായി 13000

ത്തോളം കിടക്കകൾ വിദേശത്തു നിന്നു വരുന്ന കേരളീയർക്കായി ഒരുക്കിയിട്ടുണ്ട്. 730 ഓളം വർക്കുകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അതിഥി തൊഴിലാളികളെ ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ഇവരെ പിൻതിരിപ്പിച്ച് തിരികെ വിടുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

## സംസ്ഥാന പോലീസ് മേധാവി

ട്രെയിനുകളിൽ പോകുന്നതിനായി ആർ പി എഫ് ഉദ്യോഗസ്ഥർ കുറവായതിനാൽ ഇവരെ സഹായിക്കുന്നതിനായി തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നും കൂടുതൽ ആർ പി എഫ് ഉദ്യോഗസ്ഥരെ എത്തിക്കണം എന്ന് റെയിൽവെ ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവർ കേരളത്തിൽ എത്തുമ്പോൾ ഇവരെ 14 ദിവസത്തെ നിരീക്ഷണത്തിൽ പാർപ്പിച്ചാൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടും. ആയതിനാൽ ഇവരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് റെയിൽവെ ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾ കൂടുതലായി നിരത്തിൽ ഇറക്കുന്നതിനാൽ വലിയ തിരക്കുകൾ അനുഭവപ്പെടുന്നുണ്ട്. ഇതിനായി ഓഡ്-ഇവൻ മാതൃക തിരഞ്ഞെടുക്കാമെന്ന് നേരത്തെ ചർച്ച ചെയ്തിരുന്നു. എന്നാൽ ഇതിനെതിരെ ഒരു പാട് പരാതികൾ ഉയർന്നു വരുന്നു. അതിനാൽ ഇതിന് ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. അന്തർസംസ്ഥാന യാത്രകൾക്ക് യാത്ര തുടങ്ങുന്ന സംസ്ഥാനത്തിന്റെയും ഏതു സംസ്ഥാനത്തിലേക്കാണോ യാത്ര തിരിക്കുന്നത് ഈ രണ്ടു സംസ്ഥാനങ്ങളുടെ യാത്രാ പാസുകൾ മാത്രം മതി എന്നാണ് കേന്ദ്ര സർക്കാറിന്റെ ഉത്തരവിൽ ഉളളത്. എന്നാൽ യാത്ര പോകുമ്പോൾ കടന്നു പോകേണ്ടി വരുന്ന മറ്റു സംസ്ഥാനങ്ങളിൽ ചില സംസ്ഥാനങ്ങളും അവരുടെ പാസും വേണം എന്നും പറയുന്നുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. വൈകിട്ട് 7 മണി തൊട്ട് രാവിലെ 7 മണി വരെ അവശ്യ സർവീസുകൾ ഒഴികെ ഉള്ള യാത്രകൾക്ക് അനുമതി നൽകാതിരിക്കുന്നതാകും ഉചിതം.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

14896 അതിഥി തൊഴിലാളികളെ അവരുടെ നാടുകളിലേക്ക് പോകുന്നതിന് അനുവദിച്ചിട്ടുണ്ട്. ബീഹാർ, വെസ്റ്റ് ബംഗാൾ, ജാർഘണ്ട്, ഒഡീഷ എന്നിവിടങ്ങളിലേക്കാണ് ട്രെയിനുകൾ അയച്ചിട്ടുളളത്. ഇന്ന് ബീഹാർ, ജാർഘണ്ട്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലേക്കായി 3 ട്രെയിനുകൾ പുറപ്പെടും. മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ അവരുടെ തൊഴിലാളികളെ കൊണ്ട് പോകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

## ഡയറക്ടർ ജനറൽ ഫയർ & റെസ്ക്യൂ

അന്തർസംസ്ഥാന യാത്രകൾക്ക് സ്വന്തമായി വാഹനമില്ലാത്തവർക്ക് വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അടുത്തുള്ള സംസ്ഥാനങ്ങളിൽ നിന്ന് ചില സംശയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഉളളവരെ സഹായിക്കുന്നതിനായി സജ്ജീകരണങ്ങൾ ചെയ്യേണ്ടതുണ്ട്.

കേരളത്തിലെ കൊവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള കേരളാ ബാറ്റിൽ കോവിഡ് എന്ന വെബ് സൈറ്റിന്റെ ഉത്ഘാടനം ബഹു:മുഖ്യമന്ത്രി നടത്തി.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ലോക്ഡൗൺ ഇളവ് വന്നപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് പറഞ്ഞിരുന്നെങ്കിലും, സാധനങ്ങളുടെ വില വർധനവ് കാരണം പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് കാണുന്നു. കൂടുതൽ വില ഈടാക്കാൻ പാടില്ല എന്ന് നമുക്ക് അഭ്യർത്ഥിക്കാവുന്നതാണ്. 458 പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നതിൽ 139 ഇടത്ത് മാത്രമേ ജോലികൾ പുനരാരംഭിച്ചിട്ടുള്ളു. ഇതിന് മാറ്റം വരുത്തേണ്ടതാണ്. റെഡ് സോൺ, ഹോട്ട് സ്പോട്ട്, കൺടെയിൻമെന്റ് സോൺ എന്നിവിടങ്ങളിൽ ഒഴികെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. സ്വകാര്യ മേഖലയിൽ ചിലയിടങ്ങളിൽ അനുമതി ലഭിക്കാത്തതിനാൽ ആരംഭിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് ശ്രദ്ധിക്കണം.(**ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

2. ചിലയിടങ്ങളിൽ അതിഥി തൊഴിലാളികൾ പ്രതിഷേധിക്കുന്നുണ്ട് എന്ന വിവരമുണ്ട്. ഇത് ശ്രദ്ധിക്കണം. ഇല്ലെങ്കിൽ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കുവാൻ സാധ്യതയുണ്ട്.(**ചുമതല - ആഭ്യന്തര വകുപ്പ്)**

3. ജാഗ്രത പോർട്ടലിൽ വിവരങ്ങൾ പരിശോധിക്കാൻ പോലീസിനും കൂടെ അനുമതി നൽകേണ്ടതാണ്. .(**ചുമതല - എൻ ഐ സി )**

4. അന്യ സംസ്ഥനങ്ങളിൽ നിന്ന് ആൾക്കാർ ഇങ്ങോട്ടേക്ക് വരുമ്പോൾ, അവർ കടന്നു പോകുന്ന സംസ്ഥാനങ്ങളിൽ നിന്നെല്ലാം പാസ്സ് വാങ്ങണമെന്നു വന്നാൽ അത് അപ്രായോഗികമാണ്. ഇത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. മറ്റു സംസ്ഥനങ്ങളിൽ നിന്നു വരുന്നവർ വീടുകളിൽ ക്വാറന്റൈനിൽ തുടുർന്നാൽ മതിയാകും. എന്നാൽ റെഡ് സോണുകളിൽ നിന്ന് വരുന്നവർ 7 ദിവസം സർക്കാർ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ തുടരേണ്ടതും, അതിനു ശേഷം പി.സി.ആർ ടെസ്റ്റ് ചെയ്യേണ്ടതുമാണ്. അതു നെഗറ്റീവ് ആണെങ്കിൽ വീടുകളിൽ പോയി 14 ദിവസം വരെ ക്വാന്റൈനിൽ തുടരേണ്ടതാണ്. എന്നാൽ ഇതിനായി റെഡ് സോണുകളുടെ നല്ല ധാരണ വേണം. .(**ചുമതല - ആരോഗ്യ വകുപ്പ്)**

5. മറ്റു സംസ്ഥനങ്ങളിൽ നിന്ന് വരുന്ന വാഹനമാവശ്യമുള്ളവർക്ക് പോർട്ടലിൽ തന്നെ അത് ആവശ്യപ്പെടാനായി സംവിധാനം ഒരുക്കാനാകുമോ എന്നത് പരിശോധിക്കണം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർക്ക് സഹായത്തിനായി ഒരു ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതും പരിശോധിക്കണം. .(**ചുമതല - ആഭ്യന്തര, പൊതുഭരണ വകുപ്പ്)**

6. അഴീക്കലിൽ അന്യ സംസ്ഥാന മത്സ്യതൊഴിലാളികൾ കുടുങ്ങി കിടക്കുന്നതായി വിവരമുണ്ട്. ഇവരെ അവരവരുടെ സംസ്ഥനങ്ങളിലേക്ക് മടക്കി അയക്കാനുള്ള നടപടികൾ സ്വീകരിക്കണം. .(**ചുമതല - ആഭ്യന്തര, ഫിഷറീസ് വകുപ്പ്)**
7. പലവ്യഞ്ജന കിറ്റ് നൽകുമ്പോൾ പോർട്ടബിലിറ്റി സൗകര്യം സാധാരണ വിതരണത്തിനു ശേഷം ഏർപ്പാടാക്കുന്നത് പരിശോധിക്കാം. (**ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
8. ജില്ലകൾ തമ്മിലുള്ള യാത്ര തടസ്സം ഉണ്ടാക്കേണ്ടതില്ല. അവരവരുടെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അപേക്ഷ സ്വീകരിച്ച് പാസ്സ് നൽകാവുന്നതാണ്. .(**ചുമതല - ആഭ്യന്തര വകുപ്പ്)**
9. സ്വകാര്യ ഓഫീസുകൾ ഏതൊക്കെ സോണുകളിൽ തുറക്കാൻ അനുവദിക്കണമെന്ന് കാര്യത്തിൽ വ്യക്തത വരുത്തണം. .(**ചുമതല - പൊതുഭരണ വകുപ്പ്)**
10. മറ്റു സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളെ പ്രത്യേക ട്രെയിൻ വഴി എത്തിക്കാൻ അതത് സ്ഥലത്തെ സംസ്ഥന സർക്കാരുകളുമായി ബന്ധപെടേണ്ടതാണ്.(**ചുമതല - ആഭ്യന്തര വകുപ്പ്)**
11. 253 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 159 ഇടത്ത് ക്രമക്കേട് കണ്ടെത്തിയത് ബന്ധപ്പെട്ട വകുപ്പുകളെ നടപടിയെടുക്കുന്നതിനായി അറിയിച്ചുട്ടുണ്ട്. (**ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
12. വിദേശത്ത് നിന്ന് തിരിച്ചുവരാൻ 4.25 ലക്ഷത്തോളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കുറച്ചു പേരെ മാത്രമേ ഓരോ മാസവും തിരിച്ചെത്തിക്കുന്നുള്ളു. ഇവർ ടിക്കറ്റ് ചാർജ് സ്വയം നൽകിയാണ് വരുന്നത് എന്നതിനാൽ നമ്മുടെ വിമാനങ്ങളിലേ എത്തിക്കൂ എന്ന നിലപാട് ശരിയല്ല. മാത്രമല്ല, കോവിഡ് നെഗറ്റീവ് ആയവരെ മാത്രമേ തിരിച്ചെത്തിക്കു എന്ന നിലപാടും കേന്ദ്ര ഗവൺമെന്റ് മാറ്റി. മറ്റു രാജ്യങ്ങൾ പരിശോധിക്കാൻ വിസമ്മതിച്ചതിനാലാണ് ഈ നിലപാട് സ്വീകരിച്ചത്. എന്നാൽ ഇത് അപകടകരമാണ്. ശാസ്ത്രീയ ധാരണകൾക്ക് എതിരായ ഈ നിലപാട് രോഗ വ്യാപനത്തിന് കാരണമാകും. മറ്റു രാജ്യങ്ങൾ സഹകരിക്കുന്നില്ലെങ്കിൽ നമ്മുക്ക് നമ്മുടെ ഡോക്ടർ മാരെ വിട്ട് പരിശോധന നടത്താം. മാത്രമല്ല 69129 പേർ തരിച്ചുവരാനായി രജിസ്റ്റർ ചെയ്ത കണ്ണൂർ വിമാനതാവളത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുമില്ല. ഇത് ചൂണ്ടി കാണിച്ച് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിലും ഇടപെടൽ നടത്തേണ്ടതാണ്.
13. കേരളത്തിലേക്ക് തിരിച്ചെത്തുന്നവരെ ആന്റിബോഡി ടെസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് തിരിച്ചെത്തുമ്പോൾ തന്നെ പരിശോധിക്കും.(**ചുമതല - ആരോഗ്യ വകുപ്പ്)**
14. വീടുകളിലേക്ക് വിടുന്നവരെ നിരീക്ഷണത്തിൽ വയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിറക്കണം. .(**ചുമതല - തദ്ദേശ സ്വയം ഭരണ വകുപ്പ്)**
15. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ചെങ്കൽ വെട്ടുന്നതിന് അനുമതി നൽകണം. (**ചുമതല - തദ്ദേശ സ്വയം ഭരണ വകുപ്പ്)**
16. അന്യ സംസ്ഥനങ്ങളിലേക്ക് അതിഥി തൊഴിലാളികളെ ട്രെയിനിൽ വിടുമ്പോൾ, ടിക്കറ്റിന്റെ വില മറ്റു സംസ്ഥനങ്ങളോ വ്യക്തികളോ നൽകുന്നത് നമ്മൾ സ്വീകരിക്കേണ്ടതില്ല. കാരണം നമ്മൾ അവരെ കയറ്റി അയക്കുന്നതല്ല.

ഈ കാര്യത്തിൽ അവർക്ക് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടാം. **(ചുമതല - ആഭ്യന്തര വകുപ്പ്)**

17. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ഉദ്യോഗ്യസ്ഥർക്ക് കേരളത്തിലേക്ക് ജോലിക്കായി വരുമ്പോൾ ക്വാറന്റെൻ ഒഴിവാക്കാവുന്നതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
18. വാഹനങ്ങളുടെ നമ്പർ സംവിധാനം നിയന്ത്രണം നമുക്കൊഴിവാക്കാം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
19. പി സി ആർ കിറ്റുകൾ കൂടുതൽ എണ്ണം വാങ്ങുന്നതിന് വേണ്ടി പരിശ്രമിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**

യോഗം 4.15ന് അവസാനിച്ചു.

# അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
23. സെക്രട്ടറി, വ്യവസായ വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. മുഖ്യമന്ത്രിയുടെ സെക്രട്ടറി
26. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
27. ഡി ജി ഇ, തിരുവനന്തപുരം
28. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
29. മറ്റുള്ളവർ